## ശൈല പ്രഭാഷണം – തുടർച്ച

## ഭാഗം 5

## അഭൗമ സൂക്തങ്ങൾ

**എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്**

യാചിക്കും മുമ്പേ വേൺടതെന്തെന്നറിയും
സ്വർഗ്ഗാധിപനോടർത്ഥിപ്പിനിത്ഥം .
        പ്രാർത്ഥനയീവിധമായെന്നാൽ, നിശ്ചയം
        സാർത്ഥകമായിടും , ശങ്കവേൺട.

''നാകലോകാധിപനാകും പിതാവേ, നിൻ
നാമം വിശുദ്ധമായ്ത്തീർന്നിടേണം;
        താവകരാജ്യവു, മിശ്ചകളൊക്കെയും
        ഭൂവിതിലിങ്ങു വിരാജിക്കേണം;
അന്നന്നു വേൺടതാ മപ്പവുമെങ്ങൾക്കു
തന്നീടുവാനും പ്രസാദിക്കേണം;
        ഞങ്ങൾക്കു ദോഷം നിനച്ചവരോടെല്ലാം
        ഞങ്ങൾ ക്ഷമിപ്പതു പോലെയെന്നും,
ഞങ്ങൾക്കു    ായിടും തെറ്റുകുറ്റങ്ങളും
അങ്ങു ക്ഷമിച്ചു കനിഞ്ഞീടണം;
        മോഹമാ മഗ്നിയിൽ വീഴാതിരിപ്പാനും
        'പാഹിമാ'മെന്നു പ്രാർത്ഥിച്ചിടട്ടേ;

ഞങ്ങളെ ദുഷ്ടനിൽ നിന്നു രക്ഷിക്കുവാ –
നങ്ങിപ്പോൾ പ്രീതനായ് തീർത്തിടേണം;
        രാജ്യവും, ശക്തി, മഹത്വ, പ്രകീർത്തിയും
        പൂജ്യനാമങ്ങേയ്ക്കു തന്നെ നിത്യം''
        ..   ..   ..   ..   ..
ദുഷ്ടനെ ഹൃദ്യമായ് സ്വീകരിച്ചെത്രയും
ശിഷ്ടനായ് മാറ്റുവാൻ ശ്രദ്ധിക്കുക;
        അല്ലാതിരുന്നാൽ നിൻ താതൻ ക്ഷമിക്കില്ല
        അല്ലലില്ലാതെ നീ പാർക്കയില്ല;
നിന്നുപവാസവും, പ്രാർത്ഥനയും സദാ
നന്ദന മോഹനമായിടട്ടേ;
        നിന്നകതാരറിയുന്ന നിൻ താതനോ
        നിന്നെ തുണച്ചിടും പ്രീതനാകും;

ചോരൻ തുരന്നു മോഷ്ടിക്കുമീ ഭൂമിയിൽ
ചാരുവായ് നീ ധനം തേടരുത്;
ചോരനപ്രാപ്യമാം സ്വർഗ്ഗത്തിലാകട്ടെ
വാരുറ്റ നിൻധന സംഭരണം;
നിൻ നിധിയുള്ളിടത്തായിരിക്കും നിന്റെ
ഉന്നവും നിൻ സർവ്വ ചിന്തകളും;
നിൻ ഗാത്ര ദീപികയാണല്ലോ നിൻനേത്രം
നിൻ നേത്രമപ്പോൾ നന്നെന്നു വന്നാൽ,
നല്ലതായ് ശോഭിക്കും നിൻ ഗാത്രം നിശ്ചയം
അല്ലെന്നാലന്ധതാമിസ്രമാകും;
ഇൺടു പ്രഭുക്കളെയാർക്കു സേവിച്ചിടാം
ഉൺടാകുമന്നേരമിൺടലേറെ;
രൺടിലൊരുവനെ ഭക്തിയായ് സേവിക്കും
രൺടാമനെയൊട്ടവജ്ഞയോടും;
നിങ്ങൾക്കു സേവിപ്പാനൊക്കില്ലൊരിക്കലും
തുംഗമായീശനേം മാമ്മോനേയും;
ആയതുകൊൺടു ഞാൻ കല്പിച്ചീടുന്നവ
സ്ഥായിയായ് സ്വീകരിച്ചാനയിക്ക;
അന്നവസ്ത്രാദികൾക്കായിട്ടൊരിക്കലും
ഖിന്നനായ് മാനസം നീറ്റരുത്;
നിങ്ങൾക്കു വേൺടുന്നതൊക്കെയും പൂർണ്ണമായ്
അങ്ങുയരെ പിതാവിന്നറിയാം;
എന്നതു കൊൺടു നിൻ താതനെ, വത്സലാ ,
നന്ദിയോടെന്നും നീ സേവിക്കുക;
അപ്പോൾ നിനക്കു സുലഭമായ് തീർന്നിടും
ഇപ്പാരിൽ നീതിയും സൗഭാഗ്യവും. (തുടരും)

………………………………..